**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2368** **05-02-2026 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ വഴി ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം എത്രത്തോളം കുറയ്ക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ; | (എ) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കുന്നതിന് കെ-സ്മാർട്ട് വിന്യസിച്ചതിലൂടെ സാധിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പോകാതെ തന്നെ അവരവരുടെ ലോഗിൻ മുഖേന അപേക്ഷകൾ സമർപ്പിക്കുന്നതിനും അപേക്ഷയുടെ സ്ഥിതി മനസിലാക്കുന്നതിനും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനും സാധിക്കുന്നു. കെ-സ്മാർട്ട് വഴി 9514009 ഫയലുകൾ കൈകാര്യം ചെയ്തതിൽ 914004 ഫയലുകളിലും ഒരു മണിക്കൂറിലകം സേവനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 21.5 ലക്ഷം ഫയലുകളിലും അപേക്ഷിച്ച് 24 മണിക്കൂറിനകം സേവനം നൽകാൻ കെ-സ്മാർട്ടിലൂടെ കഴിഞ്ഞിട്ടുണ്ട്. കെട്ടിട നിർമ്മാണ അനുമതികൾക്കായി അപേക്ഷിച്ച് ഒരു മിനുറ്റിനകംതന്നെ അനുമതി നൽകുക എന്ന നേട്ടം സാധ്യമാക്കുന്നതിനും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന അപേക്ഷകളുടെ സ്ഥിതി അപേക്ഷകന് മനസിലാക്കുന്നതിന് സാധിക്കുന്നതോടൊപ്പം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മോണിറ്റർ ചെയ്യുന്നതിനും സാധിക്കുന്നു. തന്മൂലം സേവനങ്ങൾ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | നഗരസഭകളിൽ നടപ്പിലാക്കിയ ഈ സംവിധാനം ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എല്ലാ | (ബി) | 2025 ഏപ്രിൽ 10 മുതൽ കേരളത്തിലെ എല്ലാ ത്രിതല പഞ്ചായത്തുകളിലും കെ- സ്മാർട്ട് സംവിധാനം വിന്യസിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പഞ്ചായത്തുകളിലും ഇത് ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി വ്യക്തമാക്കാമോ; | | |
| (സി) | കെ-സ്മാർട്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ജനന-മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ അനുമതി എന്നിവ ലഭിക്കുന്നതിൽ പ്രവാസികൾ നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | മൊബൈൽ ഒ റ്റി പി ലഭിക്കാത്തതുമൂലം പ്രവാസികൾക്ക് ചില സേവനങ്ങൾ തടസ്സപ്പെടുന്നുവെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ കെ-സ്മാർട്ടിൽ ഇമെയിൽ ഒ റ്റി പി സൗകര്യം കൂടി ഏർപെടുത്തിയിട്ടുളളതിനാൽ എല്ലാ സേവനങ്ങളും പ്രവാസികൾക്കും ലഭിക്കുന്നതാണ്. |
| (ഡി) | പഞ്ചായത്തുകളിലെ ഇന്റർനെറ്റ് സൗകര്യം, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പഴയ ഫയലുകളുടെ ഡിജിറ്റൈസേഷൻ എന്നിവ കെ-സ്മാർട്ട് വ്യാപനത്തിനായി പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്.<br><br>ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ഫണ്ട് അനുവദിച്ചിട്ടില്ല. |
| (ഇ) | കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ (സെർവർ/ ടെക്നിക്കൽ) പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് സഹായം നൽകുന്നതിനുമായി സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പ്രത്യേക ഹെൽപ്പ് ഡെസ്ക് സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് സോഫ്റ്റ് വെയറിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് 10.04.2025 ലെ സ.ഉ.(കൈ) നം 66/2025-എൽ എസ് ജി ഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ചെയർമാനും ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർ കോ ചെയർമാനുമായി സ്റ്റേറ്റ് ഇംപ്ലിമെന്റ് & മോണിറ്ററിംഗ് സെല്ലും (SIMC) ജില്ലാ തലത്തിൽ, ജില്ലാ ജോയിന്റ് ഡയറക്ടർ ചെയർമാനായി ഡിസ്ട്രിക്ട് ഇംപ്ലിമെന്റ് & മോണിറ്ററിംഗ് സെല്ലും (DIMC) രൂപീകരിച്ചിട്ടുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ (സെർവർ/ ടെക്നിക്കൽ) പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് സഹായം നൽകുന്നതിനുമായി ഐ കെ എം തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത 24 മണിക്കൂർ കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കോൾ സെന്റർ നം.0471-2525100 |

സെക്ഷൻ ഓഫീസർ